പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1196 15-10-2026-ൽ മറുപടിയ്ക്ക്

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിവിഷൻ ഫാൾ കാരണം തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിനായി അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 എന്നതിൽ നിന്നും 1:25 ആയി പുനഃക്രമീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

മറുപടി: ഇല്ല

(ബി) എൽ.പി. സ്കൂളുകളിലെ പ്രഥമാധ്യാപക (എച്ച്. എം) പ്രൊമോഷൻ എൽ.പി.സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് (LPST) മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

(സി) 60-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാനും അമിത ജോലിഭാരം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് ഇംപ്ലിമെന്റിംഗ് ഓഫീസർ തസ്തിക സൃഷ്ടിച്ച് മുതിർന്ന പ്രഥമാധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ;

മറുപടി: ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ 1:1 എന്ന അനുപാതത്തിൽ (ഒരു നിയമനം മാനേജ്മെന്റ് നടത്തുമ്പോൾ ഒരെണ്ണം പി.എസ്.സി വഴി) നിർബന്ധമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

മറുപടി: ഇല്ല

(ഇ) സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ 24 മണിക്കൂറിനുള്ളിൽ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കൃത്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ; പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിന്

മുൻപായി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ?

മറുപടി: ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ